Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release
*Ref: 255POC/K-6//DS* *21.4.2018*

# പിഒസി സുവർണജൂബിലി ആഘോഷങ്ങൾ സമാപിച്ചു

കൊച്ചി: എല്ലാ മതവിഭാഗങ്ങളുടെയും സാഹോദര്യവും വിവിധ സംസ്കാരങ്ങളുടെ സമന്വയവും ലക്ഷ്യംവയ്ക്കുന്നതിലാണ് കേരള കത്തോലിക്കാസഭയുടെ തനിമയും നന്മയുമെന്നു രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ അഭിപ്രായപ്പെട്ടു. ജനാധിപത്യ-മതേതരത്വ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനുമുള്ള കത്തോലിക്കാസഭയുടെ ഈ ജാഗ്രത തുടർന്നും സമൂഹത്തിന് ആവശ്യമാണ്. കെസിബിസിയുടെ ആസ്ഥാനകാര്യാലയവും കേരളത്തിലെ ലത്തീൻ, മലബാർ, മലങ്കര സഭകളുടെ പൊതു അജപാലനകേന്ദ്രവുമായ പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (പിഒസി) സുവർണ ജൂബിലി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.
സാമൂഹികതിന്മകൾ വർധിക്കുന്ന സാഹചര്യത്തെ ഗൗരവത്തോടെ കാണണം. മതാത്മകത വളരുമ്പോഴും ആത്മീയതയിൽ പിന്നോട്ടുപോകുന്നതിനെക്കുറിച്ച് മതാചാര്യന്മാർ ആത്മാർഥതയോടെ വിലയിരുത്തണം. മതത്തിന്റെ അതിരുകൾക്കപ്പുറത്തുള്ള പ്രശ്നങ്ങളെയും അഭിസംബോധനചെയ്യാൻ സഭയ്ക്കു കഴിയേണ്ടതുണ്ട്. കലാ, സാംസ്കാരിക രംഗങ്ങൾക്കു കൂടുതൽ പ്രോത്സാഹനവും മതേതര വിഷയങ്ങളോടു ക്രിയാത്മകമായ പ്രതികരണവും സഭയുടെ ഭാഗത്തുനിന്നുണ്ടാവണം.
കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. എം സൂസപാക്യം അധ്യക്ഷത വഹിച്ചു. അമ്പതു വർഷക്കാലം പിഒസിയെ വളർത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നതാണു ജൂബിലി ആഘോഷമെന്ന് അദ്ദേഹം പറഞ്ഞു.
കേരളസഭയുടെ എല്ലാ ഘടകങ്ങളെയും ക്രിയാത്മകമായി സമന്വയിപ്പിച്ചതിന്റെ ചരിത്രമാണു പിഒസിയുടേതെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണത്തിൽ പറഞ്ഞു. ബഹുമാന്യമായതിനെ തച്ചുടയ്ക്കാനുള്ള പ്രവണതകളിൽ ജാഗ്രത പാലിക്കണമെന്നും സ്വത്വബോധം അപകർഷതയ്ക്കോ അഹങ്കാരത്തിനോ വഴിമാററുതെന്നും അനുഗ്രഹപ്രഭാഷണം നടത്തിയ സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ ഓർമിപ്പിച്ചു.
കർദിനാൾ മാർ ജോർജ് ആലഞ്ചേരി സ്മരണിക പ്രകാശനം നടത്തി. പിഒസി പ്രഥമ ഡയറക്ടർ ഫാ. ജോസഫ് കണ്ണത്ത് ആദ്യപ്രതി ഏറ്റുവാങ്ങി. കെസിബിസി സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, വൈസ് പ്രസിഡന്റ് ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം, തിരുവനന്തപുരം പാളയം ഇമാം വി.പി. ഷുഹൈബ് മൗലവി, സ്വാമി നന്ദാത്മജാനന്ദ, പിഒസി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, പ്രോഗ്രാം കൺവീനർ ഫാ. ജോളി വടക്കൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ആർച്ച്ബിഷപ് എം. സൂസപാക്യത്തിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിൽ കേരളത്തിലെ മൂന്നു റീത്തുകളിൽനിന്നുള്ള കത്തോലിക്കാ മെത്രാൻമാരും വൈദികരും സഹകാർമികരായിരുന്നു.
'കേരളസഭ ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തിൽ നേരത്തെ നടന്ന സെമിനാറിൽ ജേക്കബ് പുന്നൂസ്, ഫാ. സേവ്യർ കുടിയാംശേരി എന്നിവർ പ്രബന്ധാവതരണം നടത്തി. ബിഷപ് മാർ ജോസഫ് പാംപ്ലാനി മോഡറേറ്ററായിരുന്നു.
കേരളത്തിലെ 32 രൂപതകളിൽനിന്നു പ്രതിനിധികളും കെസിബിസി ഭാരവാഹികൾ ഉൾപ്പെടെ അഞ്ഞൂറോളം പേർ രണ്ടു ദിവസത്തെ ജൂബിലി സമാപനാഘോഷങ്ങളിൽ പങ്കെടുത്തു. റവ. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, റവ. ഫാ. ജോസ് കരിവേലിക്കൽ, റവ. ഫാ. സാജു സിഎസ്റ്റി, റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, റവ. ഫാ. ജോഷി മയ്യാറ്റിൽ എന്നിവർ നേതൃത്വംനല്കി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

*ഫോട്ടോ മാറ്റർ: കെസിബിസി യുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (പിഒസി) സുവർണ ജൂബിലി സമാപന സമ്മേളനം രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം, റവ.ഡോ. വർഗീസ് വള്ളിക്കാട്ട്, മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ, സ്വാമി നന്ദാത്മജാനന്ദ, ഫാ. ജോസഫ് കണ്ണത്ത്, ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം, ഫാ. ജോളി വടക്കൻ, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി എന്നിവർ സമീപം.*